"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - പ്രകൃതി ക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി തുക അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.63/2026/DMD തീയതി,തിരുവനന്തപുരം, 30-01-2026

---

പരാമർശം:- 1. വയനാട് ജില്ലാ കളക്ടറുടെ 31/12/2025ലെ DCWYD/2724/2019-H2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പ്രകൃതി ക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി SDRF വിഹിതമായി 1,29,46,300/-(ഒരു കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി നാല്പത്തിയാറായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയും, CMDRF വിഹിതമായി 1,27,78,500/-(ഒരു കോടി ഇരുപത്തേഴ ലക്ഷത്തി എഴുപത്തി എട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയും അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം വയനാട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനായി 2245-02-113-99 F-Repair to Damaged Houses എന്ന ശീർഷകത്തിൽ നിന്ന് ₹1,29,46,300/- ( ഒരു കോടി ഇരുപത്തിയൊമ്പത് ലക്ഷത്തി നാല്പത്തിയാറായിരത്തി മുന്നൂറ് രൂപ മാത്രം) രൂപയും CMDRF വിഹിതമായി 1,27,78,000/-(ഒരു കോടി ഇരുപത്തേഴ ലക്ഷത്തി എഴുപത്തി എണ്ണായിരം രൂപ മാത്രം) രൂപയും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3) മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും CMDRF വിഹിതമായ 1,27,78,000/- രൂപ (ഒരു കോടി ഇരുപത്തേഴ ലക്ഷത്തി എഴുപത്തി എണ്ണായിരം രൂപ മാത്രം) വയനാട് ജില്ലാ കളക്ടർക്ക് നല്കാനുള്ള നടപടികൾ റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് സ്വീകരിക്കേണ്ടതാണ്.

4) നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് ഈ തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം

തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
റവന്യൂ (ഡി.ആർ.എഫ്- സി) വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vincent U
Date: 31-01-2026 15:02:58
സെക്ഷൻ ഓഫീസർ